

പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ഇടുക്കുപ്പാറയിൽ തുടങ്ങുന്ന നീര സംസ്കരണ പ്ലാൻറ് ശിലാസ്ഥാപനം കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

# ഇടുക്കുപ്പാറയിൽ നീര സംസ്കരണ പ്ലാൻറ് ശിലാസ്ഥാപനം നടത്തി

**മുതലമട:** പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിൻെറ നേതൃത്വത്തിൽ ഇടുക്കുപ്പാറയിൽ സ്ഥാപിക്കുന്ന നീര സംസ്കരണ പ്ലാൻറ് ശിലാസ്ഥാപനം മുൻ എം.എൽ.എയും കാർഷിക നയ രൂപവത്കരണ സമിതി ചെയർമാനുമായ കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. ഒറ്റക്കെട്ടായി നിന്നാൽ ഭരണകൂടവും ജനപ്രതിനിധികളും കർഷകർക്കൊപ്പം നിൽക്കുമെന്ന് കൃഷ്ണൻകുട്ടി പറഞ്ഞു. കർഷകർക്കും കർഷക തൊഴിലാളികൾക്കും കാർഷിക പെൻഷനും അനുബന്ധ ആനുകൂല്യങ്ങളും വർധിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നീര റീഫർ വാഹനത്തിൻെറ താക്കോൽദാനം വി. ചെന്താമരാക്ഷൻ എം.എൽ.എ നിർവഹിച്ചു. അഞ്ചു കോടി 60 ലക്ഷം രൂപ വായ്പാ അനുമതിപത്രം കെ.എസ്.എസ്.ഡി.സിയുടെ സോണൽ മാനേജർ അശോക് കുമാർ കമ്പനി ചെയർമാൻ വിനോദ് കുമാറിന് കൈമാറി. നീര ടെക്നീഷ്യന്മാർക്കുള്ള 2.74 ലക്ഷം രൂപയുടെ വേതനവിതരണവും കർഷകർക്കുള്ള 3.74 ലക്ഷം രൂപയുടെ പ്രതിഫല വിതരണവും എം.എൽ.എ നിർവഹിച്ചു. പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫിസർ കെ.കെ. ശോഭന, അസിസ്റ്റൻറ് എക്സൈസ് കമീഷണർ വി.പി. സുലേഷ്കുമാർ, നാഫെഡ് ഡയറക്ടർ അഡ്വ. സിബി മോനിപ്പിള്ളി, പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ഡയറക്ടർ എം.കെ. രാമദാസ്, പി. സുദേവൻ എന്നിവർ സംസാരിച്ചു.

## മുഖ്യമന്ത്രി എത്തിയില്ല: കർഷകരുടെ പ്രതിഷേധം

**കൊല്ലങ്കോട്:** ഇടുക്കുപ്പാറയിൽ ആരംഭിക്കുന്ന നീര പ്ലാൻറ് ശിലാസ്ഥാപനത്തിന് മുഖ്യമന്ത്രിയെത്താത്തത് പ്രതിഷേധത്തിന് ഇടയാക്കി. രണ്ടായിരത്തിലധികം കേര കർഷകർ ചടങ്ങിൽ പങ്കെടുത്തിരുന്നു. ഈ പരിപാടിയിൽ പങ്കെടുക്കാതെ നെന്മാറയിലെ ചടങ്ങിൽ പങ്കെടുത്ത് മുഖ്യമന്ത്രി പാലക്കാട്ടേക്ക് തിരിക്കുകയായിരുന്നു. മുഖ്യമന്ത്രി എത്താതിരുന്നത് കേര കർഷകരോടുള്ള അവഗണനയാണെന്ന് കേര കർഷക സംഘടനാ ഭാരവാഹികൾ പരാതിപ്പെട്ടു. ഒമ്പതു മണിക്ക് മുഖ്യമന്ത്രി എത്തുമെന്നാണ് അറിയിച്ചിരുന്നത്. ആളുകൾ എട്ടു മണിക്കുതന്നെ ശിങ്കാരിമേള സംഘവുമായി ചപ്പക്കാട്ടിൽ മുഖ്യമന്ത്രിയെ സ്വീകരിക്കാൻ കാത്തിരുന്നു. പത്തോടെയാണ് മുഖ്യമന്ത്രിയെത്തില്ലെന്ന് സംഘാടകർ അറിയുന്നത്. വി. ചെന്താമരാക്ഷനും സമയത്ത് എത്താത്തതിനാൽ മുൻ എൽ.എൽ.എ കെ. കൃഷ്ണൻകുട്ടിയെകൊണ്ട് ഉദ്ഘാടനം നടത്തിക്കുകയായിരുന്നു.

മുതലമടയിൽ ക്വാറി സമരം നടത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർ മുഖ്യമന്ത്രിയെ നേരിൽ കണ്ട് നിവേദനം നൽകാൻ സ്ഥലത്ത് എത്തിയിരുന്നു.